# FATIMA MATA NATIONAL COLLEGE

AUTONOMOUS

(Reaccredited with 'A' Grade by NAAC)

Affiliated to University of Kerala





**5.3.3 BJMP Report 2014-15**

IQAC INTERNAL QUALITY ASSURANCE CELL

തുടർന്നു അന്നേദിവസം ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പ്രൊഫ. ഹൈസിന്ത് സോഫിയാ പോളിനെ സെക്രട്ടറിയായും പ്രൊഫ. രതീഷ്. സി യെ ജോയിന്റ് സെക്രട്ടറിയായും ശ്രീ. സോളമൻ ഡി യെ വൈസ് പ്രസിഡന്റായും ശ്രീമതി. ഉമയമ്മയെ ട്രഷററായും തെരഞ്ഞെടുത്തു. 2014-15 വർഷത്തിൽ 5 തവണ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി ചേരുകയും വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയും ചർച്ച ചെയ്യുകയും വിവിധ പദ്ധതികൾക്ക് രൂപം കൊടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്തു.

## അദ്ധ്യാപക രക്ഷാകർത്തൃസംഗമം



വിദ്യാർത്ഥികളുടെ പഠനപഠനേതര പ്രവർത്തനങ്ങളിലെ മികവ് വിലയിരുത്തുന്നതിനും ചർച്ച ചെയ്യുന്നതിനുമായി എല്ലാ വർഷവും അധ്യാപക രക്ഷാകർത്തൃസംഗമം പി.റ്റി.എയുടെ ആഭിമുഖ്യത്തിൽ നടത്താറുണ്ട്. ഈ വർഷം 2014 ജൂൺ മാസം 14-ാം തീയതി രാവിലെ 10 മണിക്ക് ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ ഡിപ്പാർട്ടുമെന്റുകളിൽ വച്ച് അദ്ധ്യാപക രക്ഷാകർത്തൃസംഗമം നടന്നു. ഇതുകൂടാതെ ഓരോ സെമസ്റ്ററിലും ഡിപ്പാർട്ടുമെന്റ് തലത്തിൽ പി.റ്റി.എകൾ നടത്താറുണ്ട്.

## പി.റ്റി.എ. സ്കോളർഷിപ്പ്





പഠനപഠനേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പി.റ്റി.എ. സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കാറുണ്ട്. വിവിധ സ്കോളർഷിപ്പുകൾ പി.റ്റി.എ. ഇതിലേക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.



സർട്ടിഫിക്കറ്റ്, ക്യാഷ് അവാർഡ്, ട്രോഫി എന്നിവ നൽകി ഇത്തരം വിദ്യാർത്ഥികളെ അനുമോദിക്കാറുണ്ട്. കഴിഞ്ഞ വർഷം ഒരുലക്ഷത്തി പതിനായിരം രൂപ സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർത്ഥികൾക്ക് നൽകുകയുണ്ടായി. കൂടാതെ റാങ്കുകൾ കരസ്ഥമാക്കി നമ്മുടെ കലാലയത്തിന്റെ യശസ്സ് ഉയർത്തിയ വിദ്യാർത്ഥികളെ പി.റ്റി.എ. അനുമോദിക്കുകയും ആദരിക്കുകയും ചെയ്തു.

## ബിഷപ്പ് ജെറോം സ്മാരക പ്രബന്ധാവതരണം






പി.റ്റി.എയുടെ ആഭിമുഖ്യത്തിൽ ബിഷപ്പ് ജെറോം മെമ്മോറിയൽ സൗത്ത് ഇന്റർ കോളജ് പ്രബന്ധാവതരണ മത്സരം 2014 ഡിസംബർ മാസം 18-ാം തീയതി നടന്നു. കലാലയത്തിന്റെ സ്ഥാപകനായ അഭിവന്ദ്യ ബിഷപ്പ് ജെറോം തിരുമേനിയുടെ പാവനസ്മരണയോട് ആദരവ് പ്രകടിപ്പിക്കാനും പുണ്യയോഗ്യനായ അദ്ദേഹം വിഭാവനചെയ്ത ലക്ഷ്യങ്ങളിലേയ്ക്ക് കലാലയത്തെയും യുവതലമുറയേയും ഉയർത്തുന്നതിനും ഉതകുന്ന പരിപാടി എന്ന നിലയിലാണ് പി.റ്റി.എ. എല്ലാ വർഷവും ഈ മത്സരം നടത്തിവരുന്നത്. "ഭാരതത്തിന്റെ യശസ്സുയർത്തി മംഗൾയാൻ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിവിധ സർവ്വകലാശാലകളിലെ കോളജുകളിൽ നിന്നും ലഭിച്ച 32 എൻട്രികളിൽ നിന്നു വിദഗ്ധ സമിതി തെരഞ്ഞെടുത്ത 13 പ്രബന്ധങ്ങളാണ് മത്സരത്തിൽ അവതരിപ്പിച്ചത്. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000, 2000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനമായി നിശ്ചയിച്ചിരുന്നത്. കോളജ് ആഡിറ്റോറിയത്തിൽവെച്ച് നടന്ന മത്സരത്തിന്റെ ഉദ്ഘാടനം കൊല്ലം വികാരി ജനറൽ മോൺ. ജേശുദാസ്. എ നിർവ്വഹിക്കുകയും പ്രിൻസിപ്പാൾ അധ്യക്ഷതവഹിക്കുകയും ചെയ്തു. കോളജ് മാനേജർ റവ. ഫാ. അനിൽ ജോസ്, പ്രൊഫ. വി. ലീല എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

തുടർന്നു നടന്ന മത്സരത്തിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളജിലെ ബാലു. എൻ. സതീഷ് ഒന്നാം സ്ഥാനവും, കാര്യവട്ടം ക്യാമ്പസ് മലയാളം ഡിപ്പാർട്ടുമെന്റിലെ അശ്വിനി.എ.പി. രണ്ടാം സ്ഥാനവും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ വിഷ്ണു. ഐ. രാജ് മൂന്നാംസ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് പ്രിൻസിപ്പാൾ ക്യാഷ് അവാർഡും ട്രോഫികളും സർട്ടിക്കറ്റുകളും വിതരണം ചെയ്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും മെഡലും നൽകുകയുണ്ടായി.